# പതിനാലാം കേരള നിയമ സഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1700. 05-02-2019-ലെ മറുപടിക്ക്.

**ബിരുദധാരികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ. കെ. ബാബു | ഡോ. കെ.ടി. ജലീൽ<br>ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | ബിരുദ പഠനത്തോടൊപ്പം പ്രത്യേക തൊഴിൽ നൈപുണ്യം ആർജ്ജിക്കാത്തതിനാൽ ബിരുദധാരികൾക്ക് തൊഴിൽ ലഭിക്കാനുള്ള സാധ്യത വളരെ പരിമിതമായിരിക്കുന്നുവെന്ന പ്രശ്നം പരിഹരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | എ) | കോളേജ് വിദ്യാർത്ഥികൾക്ക് അക്കാദമിക പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന കോളേജ് വിദ്യാർത്ഥികൾക്ക് അഡീഷണൽ സ്കിൽ അകിസിഷൻ പ്രോഗ്രാം (അസാപ്) മുഖേന നൈപുണ്യ പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരത്തിൽ 119 ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടു വന്നിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ആധുനിക തൊഴിൽ മേഖലകളായ നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.<br><br>തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ യു.ജി.സി. - യുടെ സഹകരണത്തോടെ കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിച്ച് തൊഴിൽ പരിശീലന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ബോംബെ IIT - യുമായി സഹകരിച്ച്, തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ കമ്പ്യൂട്ടർ മേഖല പരിശീലനങ്ങൾക്കായി ട്യൂട്ടോറിയൽ പ്രോഗ്രാമുകൾ നടത്തി വരുന്നു.<br><br>തെരഞ്ഞെടുക്കപ്പെട്ട സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും സ്റ്റേറ്റ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ വകുപ്പുമായി സഹകരിച്ച് വിവിധ തൊഴിൽ പരിശീലന പദ്ധതികളും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ബിരുദ കോഴ്സുകളിലെ കുട്ടികളുടെ നൈപുണ്യം വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം എത്രമാത്രം ഫലവത്താകുന്നുണ്ടെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; 2017-18 - ൽ ഈ പദ്ധതിക്കായി നീക്കിവെച്ച 430 കോടിയോളം രൂപ ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | ബി) | ഉണ്ട്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ സാമ്പത്തിക സഹകരണത്തോടെ നടത്തപ്പെടുന്ന അസാപ് പദ്ധതിയിലെ പഠിതാക്കളുടെ തൊഴിൽ നൈപുണ്യ മികവ് കണക്കാക്കുന്നതിനായി 2016, 2017, 2018 വർഷങ്ങളിൽ Employability Survey നടത്തുകയുണ്ടായി. അതിൻപ്രകാരം അസാപ് പരിശീലനം ലഭിച്ച പഠിതാക്കളുടെ തൊഴിൽ നൈപുണ്യ നിലവാരം പരിശീലനം ലഭിക്കാത്തവരെക്കാൾ മികച്ചതാണെന്നും ആയത് ADB മാനദണ്ഡങ്ങൾ നിർവ്വചിക്കും പ്രകാരം സ്വീകാര്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്.<br><br>2017-18 വർഷത്തിൽ ഈ പദ്ധതിക്കായി നീക്കി വച്ച തുക ഉപയോഗിച്ച് നൈപുണ്യ പരിശീലനത്തിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>തനതു വർഷം 36000 - ൽ പരം ഹയർ സെക്കന്ററി / കോളേജ് വിദ്യാർത്ഥികൾക്കുള്ള കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇൻഫർമേഷൻ ടെക്നോളജി എന്നിവ ഉൾപ്പെടുന്ന ഫൗണ്ടേഷൻ പരിശീലനവും 34000 - ത്തോളം വിദ്യാർത്ഥികൾക്ക് വിവിധ തൊഴിൽ നൈപുണ്യ കോഴ്സുകളിലെ പരിശീലനവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ദേശീയ അന്തർ ദേശീയ നിലവാരവും തൊഴിൽ സാധ്യതയുമുള്ള നൈപുണ്യ കോഴ്സുകളിലെ പരിശീലനത്തിനായി കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ നിർമ്മാണത്തിന്റെ അന്ത്യഘട്ടത്തിലാണ്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് നൈപുണ്യ പരിശീലനത്തിനായി നിലവിലുള്ള ക്ലാസ് മുറികളും കമ്പ്യൂട്ടർ ലാബുകളും മെച്ചപ്പെടുത്തി 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (SDC) നിർമ്മിക്കുകയും അനുബന്ധ ഉപകരണങ്ങളും ഇന്റർനെറ്റ് സൗകര്യങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 6000-ൽ പരം വിദ്യാർത്ഥികൾക്ക് വേനൽക്കാല നൈപുണ്യ പരിശീലനവും 700-ൽ പരം നൈപുണ്യ പരിശീലകർക്ക് പരിശീലനവും പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. നൈപുണ്യ പരിശീലനം സംബന്ധിച്ചുള്ള ഉപദേശക സമിതികളായ 14 ബിസിനസ്സ് അഡ്വൈസറി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.<br>ഇത്തരം വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ 2017-18 വർഷം ആകെ 111,53,08,130/- രൂപ (നൂറ്റിപ്പതിനൊന്നു കോടി അമ്പത്തിമൂന്ന് ലക്ഷത്തി എണ്ണായിരത്തി ഒരുന്നൂറ്റി മുപ്പത് രൂപ) ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പോളിടെക്നിക് കോളേജുകളുടെ നിലവാരം ഉയർത്തി, പഠിച്ചിറങ്ങുന്നവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | സി) | പോളിടെക്നിക് കോളേജുകളുടെ നിലവാരം ഉയർത്തി, പഠിച്ചിറങ്ങുന്നവരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഫിനിഷിങ് സ്കൂൾ എന്ന പദ്ധതിയുടെ ഭാഗമായി സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനവും സോഫ്റ്റ് സ്കിൽ, കമ്മ്യൂണിക്കേഷൻ സ്കിൽ എന്നിവ വർദ്ധിപ്പിക്കുന്നതിനായി ട്രെയിനിങ്ങുകളും നൽകി വരുന്നു. വിദ്യാർത്ഥികൾക്ക് ഇൻഡസ്ട്രിയൽ ട്രെയിനിങ് കരിക്കുലത്തിന്റെ ഭാഗമായി നടത്താറുണ്ട്. മെക്കാനിക്കൽ, ടൂൾ & ഡൈ എന്നീ ട്രേഡുകൾക്ക് ഇൻപ്ലാന്റ് ട്രെയിനിങ്, പുതിയ സാങ്കേതിക വിദ്യകളുമായി പരിചയപ്പെടുന്നതിനും അറിയുന്നതിനുമുള്ള സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവയും നടത്താറുണ്ട്.<br>എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനു ശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടും കൂടി ടെക്നോളജി ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.<br>വ്യാവസായിക മേഖലയുടെ പ്രവർത്തനരീതി പരിചയപ്പെടുത്തുന്നതിനായി പോളിടെക്നിക്കുകളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നു. ഉല്പാദന പരിശീലന കേന്ദ്രം വിദ്യാർത്ഥികൾക്ക് ഒരു ചെറിയ വരുമാനം ലഭിക്കുന്നതിനുള്ള സാഹചര്യവും ഉണ്ടാക്കുന്നു. |

സെക്ഷൻ ഓഫീസർ